**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 6315** **10-11-2021 - ൽ മറുപടിയ്ക്ക്**

**ടൂറിസം മേഖലയിലെ മാറ്റങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ വി കെ പ്രശാന്ത്** | | **Shri P. A. Mohamed Riyas**<br>**(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി)** | |
| (എ) | ടൂറിസം മേഖലയിലെ നിർമ്മാണ പ്രവർത്തനങ്ങളിൽ കാലോചിതമായ മാറ്റങ്ങൾ വരുത്താൻ ആലോചിക്കുന്നുണ്ടോ; വ്യക്തമാക്കാമോ; | (എ) | ഉണ്ട്. ടൂറിസം മേഖലയിലെ നിർമ്മാണ പ്രവർത്തനങ്ങളിൽ പരമാവധി പ്രകൃതി സൗഹൃദമായി ചെയ്യുവാനും പ്രകൃതി സൗഹൃദമായ നിർമ്മാണ സാമഗ്രികൾ ഉപയോഗിക്കുവാനും, പ്രളയം ഉൾപ്പെടെയുള്ള പ്രകൃതി ദുരന്തങ്ങൾ ഒരു പരിധിവരെയെങ്കിലും അതിജീവിക്കാൻ ഉതകുന്ന രീതിയിലുള്ള പ്രവൃത്തികൾ ചെയ്യുവാനും വകുപ്പ് ഉദ്ദേശിക്കുന്നുണ്ട്. |
| (ബി) | ടൂറിസം ഡെസ്റ്റിനേഷനുകളുടെ അടിസ്ഥാന സൗകര്യങ്ങൾ പരിസ്ഥിതി സൗഹൃദമായി മെച്ചപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോ; | (ബി) | ടൂറിസം ഡെസ്റ്റിനേഷനുകളുടെ അടിസ്ഥാന സൗകര്യങ്ങൾ പരിസ്ഥിതി സൗഹൃദമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്. |
| (സി) | വിനോദസഞ്ചാര മേഖലയിൽ കൂടുതൽ തൊഴിൽ അവസരങ്ങൾ സൃഷ്ടിക്കുന്നതിന് ഈ സർക്കാർ സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ? | (സി) | സമൂഹത്തിലെ സാധാരണക്കാരായ ജനങ്ങൾക്ക് ടൂറിസവുമായി ബന്ധപ്പെട്ട് പ്രത്യക്ഷമായും പരോക്ഷമായും തൊഴിലും വരുമാനവും ലഭ്യമാക്കുന്നതിനുള്ള പ്രവർത്തനങ്ങളാണ് ഉത്തരവാദിത്ത ടൂറിസം മിഷൻ മുഖേന ചെയ്തു വരുന്നത്. ഇതിന്റെ ഭാഗമായി പ്രാദേശിക കലാരൂപങ്ങളും കലാപ്രവർത്തകരും, കരകൗശല വസ്തുക്കളും അവയുടെ നിർമ്മാതാക്കളും, പരമ്പരാഗത തൊഴിലുകളും ആ തൊഴിലുകൾ ചെയ്യുന്നവരും, പ്രാദേശികഭക്ഷ്യ വിഭവങ്ങളും എന്നിങ്ങനെ കേരള സംസ്കാരത്തിന്റെ ഭാഗമായതും ടൂറിസവുമായി വിവിധ തരത്തിൽ ബന്ധപ്പെടുത്താവുന്ന എല്ലാക്കാര്യങ്ങളും കൾച്ചറൽ എക്സ്പീരിയൻസ് പാക്കേജുകൾ, ഫെസ്റ്റിവൽ പാക്കേജുകൾ, എക്സ്പീരിയൻസ് ലോക്കൽ/എത്തിക് ക്യുസീൻ നെറ്റ് വർക്ക്, കേരള അഗ്രി ടൂറിസം നെറ്റ് വർക്ക് എന്നിങ്ങനെ വിവിധ പദ്ധതികൾ വഴി നിലവിലുള്ള ഉപജീവന മാർഗ്ഗങ്ങൾ ശക്തിപ്പെടുത്തിക്കൊണ്ട് ടൂറിസത്തിലൂടെ അധിക വരുമാനവും പ്രാദേശിക തൊഴിലും ലഭ്യമാക്കുന്നതിനുള്ള വിവിധ പ്രവർത്തനങ്ങൾ ഉത്തരവാദിത്ത ടൂറിസം മിഷൻ മുഖേന നടത്തി |

| | | | |
|---|---|---|---|
| | | | വരുന്നു. ഇതിനായുള്ള വിവിധ പരിശീലനങ്ങൾ ഓൺലൈൻ ആയും ഓഫ് ലൈൻ ആയും മിഷൻ നടത്തുന്നുണ്ട്. |

സെക്ഷൻ ഓഫീസർ